ശ്രീ. കുഞ്ഞിക്കണ്ണന് ലഭിക്കേണ്ട പെൻഷൻ, ഗ്രാറ്റുവിറ്റി

1848 [2884] ശ്രീ. കെ. മുസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1980-ൽ വിദ്യാഭ്യാസവകുപ്പിൽനിന്നും റിട്ടയർചെയ്ത ശ്രീ. കുഞ്ഞിക്കണ്ണൻ എന്നയാൾക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കേണ്ടതു സംബന്ധിച്ച് തീരുമാനമെടുക്കാൻ കാലതാമസം വരുന്നതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ?

(ബി) റിട്ടയർ ചെയ്തിട്ട് ആറു വർഷങ്ങൾ കഴിഞ്ഞിട്ടും ആനുകൂല്യങ്ങൾ ലഭ്യമാക്കാത്തതുമൂലം ശ്രീ. കുഞ്ഞിക്കണ്ണൻ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ശ്രീ. സി. ഒ. കുഞ്ഞിക്കണ്ണൻ പലപ്പോഴായി എടുത്തിട്ടുള്ള അവധി അപേക്ഷകൾ ക്രമവൽക്കരിക്കുക, ആ സമയത്തേക്കുള്ള ശമ്പളം ക്രമീകരിക്കുക, 1973 കാലഘട്ടംമുതൽക്കുള്ള പേ ഫിക്സ് ചെയ്യുക, പ്രൊമോഷൻ സമയത്തെ ശമ്പളം ക്രമീകരിക്കുക, ശിക്ഷാനടപടിക്കാലത്തെ ശമ്പളം ഫിക്സ് ചെയ്യുക തുടങ്ങി നിരവധി പ്രശ്നങ്ങളിൽ തീരുമാനമെടുക്കേണ്ടിയിരുന്നതുകൊണ്ടാണ് പെൻഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകേണ്ടതു സംബന്ധിച്ച് തീരുമാനമെടുക്കുവാൻ കാലതാമസം നേരിട്ടത്. കൂടുതൽ കാലതാമസം ഒഴിവാക്കുന്നതിനായി, വേണ്ടിവന്നാൽ ശ്രീ. കുഞ്ഞിക്കണ്ണന് ഹിയറിംഗ് നൽകി അതിവേഗം അന്തിമതീരുമാനമെടുക്കണമെന്നു കാണിച്ച് 18-11-1986-ൽ കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

ഗ്രന്ഥശാലാസംഘത്തിലെ ജീവനക്കാരുടെ നിയമനരീതി

1849 [2885] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രന്ഥശാലാ സംഘത്തിലെ ജീവനക്കാരുടെ നിയമനം ഏത്പ്രകാരമാണ് നടത്തുന്നത്;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളാ ഗ്രന്ഥശാലാസംഘം കൺട്രോൾ ബോർഡ് നേരിട്ടാണ് നിയമനം നടത്തുന്നത്.

(ബി) കേരള ഗ്രന്ഥശാലാസംഘം ഒരു സാമൂഹ്യ പ്രസ്ഥാനമാണ്. അതിനാൽ സാമൂഹ്യ സേവനം നടത്തുന്ന വ്യക്തികൾക്ക് നിയമനകാര്യങ്ങളിൽ മുൻഗണന നൽകണമെന്ന നിലയ്ക്ക് സംഘത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുന്ന ഒഴിവുകളിൽ ഗ്രന്ഥശാലാ പ്രവർത്തകർക്ക് പരിഗണന നൽകാനായി അത്തരക്കാരെ നേരിട്ട് നിയമിക്കാൻ കൺട്രോൾ ബോർഡ് തീരുമാനിച്ചു. ഇപ്രകാരമാണ് ഇപ്പോൾ നിയമനം നടത്തിവരുന്നത്.

ഗ്രന്ഥശാലകൾക്ക് ടെലിവിഷൻ സെറ്റുകൾ

1850 [2886] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഗ്രന്ഥശാലാസംഘത്തിന്റെ ചെലവിൽ എത്ര ഗ്രന്ഥശാലകൾക്ക് ടെലിവിഷൻ സെറ്റുകൾ നൽകി;

(ബി) ഇതിലേക്ക് എന്തു തുക ചെലവായെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 18 ഗ്രന്ഥശാലകൾക്ക് ടെലിവിഷൻ സെറ്റുകൾ നൽകി.

(ബി) 70,237 രൂപ 50 പൈസ.

ഗ്രന്ഥശാലകൾക്ക് നൽകാനുള്ള കുടിശ്ശിക ഗ്രാന്റ്

1851 [2887] ശ്രീ. കാനം രാജേന്ദ്രൻ:
ശ്രീമതി ഭാർഗവി തങ്കപ്പൻ:
ശ്രീ. കെ.ഇ. ഇസ്മയിൽ:
,, വി.കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രന്ഥശാലകൾക്ക് എത്ര വർഷങ്ങളിലെ ഗ്രാന്റ് കുടിശ്ശിക നൽകാനുണ്ട്;

(ബി) 1982-83 നുശേഷം എത്ര ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് നൽകിയിട്ടുണ്ട്;

(സി) അവയുടെ ജില്ലതിരിച്ച കണക്കുകൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 1984-85, 1985-86, 1986-87 എന്നീ വർഷങ്ങളിലെ ഗ്രാന്റ് കുടിശ്ശികയുണ്ട്. 1983-84-ലെ ഗ്രഡേഷൻ നടത്തി റിപ്പോർട്ട് കിട്ടിയ ലൈബ്രറികൾക്ക് 1983-84-ലെ ഗ്രാന്റ് നൽകിയിട്ടുണ്ട്.

(ബി) 1982-83 നു ശേഷം 1983-84 വർഷത്തേയ്ക്ക് 1585 ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് നൽകിയിട്ടുണ്ട്.

(സി) തിരുവനന്തപുരം — 206
ആലപ്പുഴ — 232
കോട്ടയം — 358
എറണാകുളം — 361
തൃശ്ശൂർ — 261
മലപ്പുറം — 167.

LIBRARY ARCHIVES Kerala Legislative Assembly